**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം-എം.ജി.എൽ.സി-കളിലെ വിദ്യ വോളന്റീയർമാരെ പൊതുവിദ്യാഭ്യാസ വകുപ്പിൽ PTCM/ FTM ആയി നിയമിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ.(കൈ) നം.13/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 13/01/2022

പരാമർശം:-

1. സർക്കാർ ഉത്തരവ് (അച്ചടി) നം.31/2018/ ധന തീയതി 3/3/2018
2. സർക്കാർ ഉത്തരവ് (കൈ ) നം 57/2021/ പൊ.വി.വ തീയതി 12/02/2021
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 10/8/2021, 23/9/2021, 13/12/2021 എന്നീ തീയതികളിലെ എൻ .ഇ പി (1) 226343/ 2021 ഡി.ജി.ഇ നമ്പർ കത്തുകൾ

**ഉത്തരവ്**

സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ (മൾട്ടി ഗ്രേഡ് ലേർണിംഗ് സെന്റേഴ്സ് (എം.ജി എൽ സി )) നിലവിലെ സ്ഥിതി സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ ജില്ലാ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമഗ്രമായ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു. സർക്കാർ ഈ റിപ്പോർട്ട് വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിർത്തലാക്കുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ നിലവിൽ 10 വർഷത്തിലധികമായി കരാറടിസ്ഥാനത്തിൽ തുടരുന്ന വിദ്യാവോളന്റിയർമാരിൽ നിന്നും അവരുടെ താത്പര്യപത്രത്തിന്റെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിലുള്ളതോ ഉണ്ടാകുന്നതോ ആയ PTCM/ FTM ഒഴിവുകളിൽ നിയമിക്കുന്നതിന് അനുവാദം നൽകി പരാർശം (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ ചില കാര്യങ്ങളിൽ അനുമതിയും വ്യക്തതയും ആവശ്യപ്പെട്ടിരുന്നു.

തുടർന്ന് സർക്കാർ ഈ വിഷയം വീണ്ടും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എം.ജി എൽ സി കളിൽ വിദ്യ വോളന്റീയർമാരായി ജോലി ചെയ്യുന്ന 344 പേരെ, അവർക്ക് ആദ്യ നിയമനം നൽകിയ സീനിയോറിറ്റിയും അവരുടെ സമ്മതവും പരിഗണിച്ച്, ചുവടെ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ PTCM/FTM ആയി നിയമിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

i) പരാമർശം (1) ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തുന്ന തീയതി മുതൽ മാത്രമേ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. അതിനു മുൻപ് കരാർ പ്രകാരമുള്ള സർവീസ്, പെൻഷൻ ഉൾപ്പെടെയുള്ള യാതൊരാനുകൂല്യങ്ങൾക്കും പരിഗണിക്കുകയില്ല. ആയത് സംബന്ധിച്ച് സ്ഥിരപ്പെടുത്തുന്ന എല്ലാവരിൽ നിന്നും നിശ്ചിത മാതൃകയിൽ തയ്യാറാക്കിയ സത്യവാങ്മൂലം 100 രൂപയിൽ കുറയാത്ത മുദ്രപ്പത്രത്തിൽ വാങ്ങേണ്ടതാണ് . പ്രസ്തുത സത്യവാങ്മൂലം സമർപ്പിക്കാത്തവരെ സ്ഥിരപ്പെടുത്തുവാൻ പാടില്ല.

ii) നിലവിലുള്ള PTCM/ FTM കാരുടെ ജൂനിയർ ആയാണ് ഇവർ നിയമിക്കപ്പെടുന്നത് എന്നുള്ള കാര്യം പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

iii) ഇങ്ങനെ നിയമിക്കപ്പെടുന്നവരുടെ സീനിയോറിറ്റി, അവർ ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ ജോലിക്കു ചേർന്ന ദിവസത്തെ അടിസ്ഥാനമാക്കി വേണം നിശ്ചയിക്കേണ്ടത്.

iv) ഇവരുടെ ശമ്പള സ്കെയിലും ആനുകൂല്യങ്ങളും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന പൊതു സർക്കാർ ഉത്തരവുകൾക്ക് വിധേയമായിരിക്കും.

v) ഒരിക്കൽ FTM ആയി സമ്മത പത്രം നൽകി ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞാൽ PTCM ആകാൻ അനുവദിക്കുന്നതല്ല.

vi) നിലവിലെ ഒഴിവുകളിൽ മാത്രമേ ഇവരെ നിയമിക്കാവൂ. ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
A P M Mohammed Hanish
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം .
എല്ലാ ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ്/എ&ഇ) കേരള ,തിരുവനന്തപുരം
പൊതുഭരണ ( എസ് .സി ) വകുപ്പ് ( 12/01/2022 ലെ ഇനം 499 പ്രകാരം )
ധനകാര്യ വകുപ്പ് ( ഫയൽ നമ്പർ Edn -A2/154/2019-FIN പ്രകാരം )
നിയമവകുപ്പ് (ഫയൽ നമ്പർ 06/നി .സെ/2022/നിയമം പ്രകാരം )
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ്മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 12-01-2022

ഫയൽ നം. പൊ.വി.വ.-ഡി1/192/2019/പൊ.വി.വ. ഇനം നം: 499

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - എം.ജി.എൽ.സി.-കളിലെ വിദ്യാ വോളന്റീയർമാരെ പൊതുവിദ്യാഭ്യാസ വകുപ്പിൽ PTCM/FTM ആയി നിയമിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

## Note for Council of Ministers.

This note deals with the matter of restructuring of Multi Grade Learning Centers (MGLC) presently functioning in the State and rehabilitation of Educational Volunteers working in them.

2). Multi Grade Learning Centers (MGLC) or Badal Schools were started during 1997 under District Primary Education Programme(DPEP) to bring the people of under developed areas with insufficient travel facility and remote coastal areas into the mainstream of National Devolopment. In Kerala the Multi Grade Learning Centers were first introduced in Kasargod,Waynad and Malppuram districts.The main aim of the Multi Grade Learning Centers (MGLC) is to provide education to children from 1$^{st}$ to 4$^{th}$ standard.On the basis of the Right to Education Act 2009,the structure and sustainability of Multi Grade Learning Centers (MGLC) need to be re-examined.

3). Director of General Education had submitted a district wise comprehensive report on the present status of MGLCs to Government.On detailed examination of the report government have accorded sanction to appoint the educational volunteers who have been working on contarct basis for more than 10 years in the MGLCs those are going to be shut down, as PTCM/FTM in the existing or arising vacancies in General Education Department as per their seniority and consent, vide GO(Ms) No.57/2021/G Edn dated 12/2/2021.

4). Director of General Education sought permission and clarification in following points to implement the above order.

(a) Whether the 244 educational volunteers who are eligible for permanent appointment can be appointed in nearby districts,if there is no vacancy in their home districts, according to their seniority.

(b) 16 Volunteers in shutting down MGLCs who are having less than 10 year service can be appointed in the existing/merging MGLCs in case the volunteers of that MGLCs having more than 10 year service are appointed as PTCM/FTM in second phase.

(c) 28 persons who are not completed 10 year service now may be considered in the posts of PTCM/FTM on completion of 10 year service. For this they have to be transferred to the existing MGLCs. Thus MGLCs can be winded up in a phased manner.

5. When file submitted for orders the Hon'ble Chief Minister orderd on 19/10/2021 to place the matter before the Council of Ministers of appionting the MGLC volunteers as FTCM/PTCM according to their seniority based on their first appointment and their consent irrespective of whether the MGLCs are winding up or not.

6. File again forwarded to Finance Department for remarks and they opined as follows:

ച്ചവടെ ചേർത്തിരിക്കുന്ന നിബന്ധനകളോടെ , മന്ത്രിസഭയുടെ അംഗീകാരത്തിന് വിധേയമായി , ഭരണ വകുപ്പ് ശിപാർശ ധനകാര്യ വകുപ്പ് അംഗീകരിക്കുന്നു . മന്ത്രിസഭാ യോഗ തീരുമാനപ്രകാരം പുറപ്പെട്ടുവിച്ച ഉത്തരവനുസരിച്ച 244 പേരാണ് FTCM / PTCM ആയി സ്ഥിരപ്പെടാൻ സാധ്യത ഉള്ളതെങ്കിൽ , ബഹു . മുഖ്യമന്ത്രിയുടെ ഉത്തരവ് നടപ്പിലാക്കുകയാണെങ്കിൽ സ്ഥിരപ്പെടുത്തേണ്ടവരുടെ എണ്ണം 344 ആയി വർദ്ധിക്കും . നിലവിലെ സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയിൽ ഇത് ഒഴിവാക്കേണ്ടതാണ് .

ഭരണവകുപ്പ് നിർത്തലാക്കിയതോ നിലനില്ക്കുന്നതോ ആയ MGLC കളിലെ അദ്ധ്യാപകരെ അവരുടെ സമ്മത പ്രകാരം FTCM / PTCM ആയി നിയമിക്കാൻ താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കപ്പെടേണ്ടതാണ് :-

i) ജി . ഓ ( പി ) നം 31/18/ ധന തിയതി 3/3/2018 പ്രകാരം സ്ഥിരപ്പെടുത്തുന്ന തിയതി മുതൽ മാത്രമേ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ . അതിനു മുമ്പെയുള്ള കരാർ പ്രകാരമുള്ള സർവീസ് , പെൻഷൻ ഉൾപ്പെടെയുള്ള , യാതൊരാനുകൂല്യങ്ങൾക്കും പരിഗണിക്കുകയില്ല . ഇത് ഉറപ്പാക്കാൻ , സ്ഥിരപ്പെടുത്തുന്ന എല്ലാവരിൽ നിന്നും മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം വാങ്ങേണ്ടതാണ് . സത്യവാങ്മൂലത്തിന്റെ മാതൃക നിയമ വകുപ്പ് പരിശോധിച്ച് ഉറപ്പ വരുത്തേണ്ടതുമാണ് .

ii) പത്തുവർഷ സർവീസ് പൂർത്തിയാക്കിയവരെ മാത്രമേ സ്ഥിരപ്പെടുത്തലിന് പരിഗണിക്കാൻ പാടുള്ളൂ . സർവീസ് ബ്രേക്ക് ഉണ്ടെങ്കിൽ ആ കാലയളവ് പരിഗണിക്കാൻ പാടില്ല .

iii) നിലവിലുള്ള FTCM/ PTCM കാരുടെ ജൂനിയർ ആയാണ് ഇവർ നിയമിക്കപ്പെടുന്നു എന്ന കാര്യം ഭരണ വകുപ്പ് ഉറപ്പ വരുത്തേണ്ടതാണ് .

iv) ഇങ്ങനെ നിയമിക്കപ്പെടുന്നവരുടെ സീനിയോറിറ്റി , അവർ ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ ജോലിക്കു ചേർന്ന ദിവസത്തെ അടിസ്ഥാനമാക്കി വേണം നിശ്ചയിക്കേണ്ടത് .

v) ഇവരുടെ ശമ്പള സ്കെയിലും ആനുകൂല്യങ്ങളും പൊതു സർക്കാർ ഉത്തരവിന് വിധേയമായിരിക്കും .

vi) ഒരിക്കൽ FTCM ആയി സമ്മത പത്രം നൽകി ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞാൽ PTCM ആകാൻ അനുവദിക്കുന്നതല്ല .

vii) നിലവിലെ ഒഴിവുകളിൽ മാത്രമേ ഇവരെ നിയമിക്കാവൂ . ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതല്ല .

ഇതിന് ബഹു മുഖ്യമന്ത്രിയുടെയും ബഹു ധനകാര്യ മന്ത്രിയുടെയും അംഗീകാരമുണ്ട് .

7. In this connection Director of General Education has reported that 68 volunteers are working in the continuing MGLCs having morethan 10 year service. Also reported that if all 344 volunteers are appointed as PTCM/FTM it would cost an amount of Rs.10,21,80,720/- whereas the amount spent annually for volunteers to a tune of Rs. 8,34,27,866 can be avoided. Also reported that there is no creation of additional posts as they are appointed in the existing posts of PTCM/FTM in Education Department.

8. Finance Department opined to avoid the regularization of all volunteers as ordered by the Hon'ble Chief Minister , taking in to consideration of the present financial position of the government.Also remarked that regularization will be done only in the case of volunteers having 10 year service. In the circumstances file again circulated to Hon'ble Chief Minister through Hon'ble Minister for General Education for orders on whether the matter can be placed before the Council of Ministers for appointing all the volunteers in MGLCs irrespective of wheher the MGLCs are winding up or not, overruling the opinion of Finance Department.

9. Remarks of Law Department in this regard is annexed.

10. Hon'ble Chief Minister ordered to place the matter before the Council of Ministers.

## Point for Decision

Whether 344 Educational Volunteers who have been working in the MGLCs may be appointed as PTCM/FTM in Education Department by overruling the remarks of Finance Department, according to seniority based on their first appointment and their consent, adhering to the conditions (except conditon (ii)), insisted by Finance Department for appointment?.